**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1310** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കേന്ദ്രസർവകലാശാലയുടെ ക്യാമ്പസിന് ഭൂമി കൈമാറുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കാസർകോട് കേന്ദ്രസർവകലാശാലയ്ക്ക് തിരുവനന്തപുരം ജില്ലയിൽ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലെ ആണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവേ 94-ൽ ഉൾപ്പെട്ട 2.83 ഹെക്ടർ (7 ഏക്കർ) ഭൂമി വർഷം തോറും ഏക്കറിന് 1 രൂപ കണക്കിൽ 35 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് റവന്യൂ വകുപ്പ് സ.ഉ.(കൈ) നമ്പർ: 155/2026/ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കാസർകോട് കേന്ദ്രസർവകലാശാലയ്ക്ക് തിരുവനന്തപുരം ജില്ലയിൽ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലെ ആണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവേ 94-ൽ ഉൾപ്പെട്ട 2.83 ഹെക്ടർ (7 ഏക്കർ) ഭൂമി, ആർ 1 രൂപ പാട്ടനിരക്കിൽ 35 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് 15.03.2026 ലെ സ.ഉ.(കൈ) നമ്പർ 155/2026/ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

**(ബി)** പ്രസ്തുത ഉത്തരവ് ഇറങ്ങി നാളിതുവരെയായിട്ടും ഭൂമി സർവകലാശാലയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി കേരള റവന്യൂ വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥത നിലനിർത്തിക്കൊണ്ട് മാത്രമേ പാട്ടത്തിന് നൽകാവൂ എന്നതിനാൽ ഫണ്ടിംഗ് ഏജൻസിയായ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ധനസഹായം അന വദിക്കില്ല എന്നും ആയതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായി encumbrance-fr ee ആയി ഭൂമി അനുവദിക്കുന്നതിനായി പ്രസ്തുത സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നും ആവശ്യപ്പെട്ട് സർവകലാശാല രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**(സി)** കേരളത്തിലെ വിദ്യാർത്ഥികൾക്ക് പഠന ഗവേഷണ രംഗത്ത് ഏറെ ഗുണകരമാകുന്ന പ്രസ്തുത വിഷയത്തിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പാട്ടവ്യവസ്ഥകൾ പ്രകാരം നൽകുമ്പോഴുള്ള ഭൂമിവിലയും മറ്റും ഒഴിവാക്കി, പാട്ടവ്യവസ്ഥ നിലനിർത്തിക്കൊണ്ട് ഭൂമി കൈമാറാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** പ്രസ്തുത ഭൂമി സർവകലാശാലയ്ക്ക് എന്നത്തേക്ക് പൂർണ്ണമായും കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി Central University of Kerala - ക്ക് തിരുവനന്തപുരത്തു ക്യാമ്പസ് (Capital Centre of the Central University of Kerala at Thiruvananthapuram district) നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8, റീ സ 94 ൽപ്പെട്ട 2.83 ഹെക്ടർ ഭൂമി , ആർ ഒന്നിന് ഒരു രൂപ പാട്ട നിരക്കിൽ 35 വർ ഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു)വകുപ്പ്**

സ.ഉ.(കൈ) നം.155/2026/RD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള വൈസ് ചാൻസലർ സമർപ്പിച്ച 02/06/2023 , 04/03/2024 എന്നീ തിയ്യതികളിലെ കത്തുകൾ.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024 ലെ LR/7087/2023-LR(K2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർകോട് കേന്ദ്ര സർവകലാശാലക്ക് തിരുവനന്തപുരം ജില്ലയിൽ ക്യാമ്പസ് സ്ഥാപിക്കുന്നതിനായി ഭൂമി സൗജന്യമായി കൈമാറി നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) തിരുവനന്തപുരം താലൂക്കിൽ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8 ൽ റീസർവ്വെ 94 ൽ ഉൾപ്പെട്ട 2.83 ഹെക്ടർ (7 ഏക്കർ) ഭൂമി, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ ക്യാമ്പസ് നിർമ്മാണത്തിനായി കമ്പോള വില ഈടാക്കിയോ സൗജന്യമായോ പതിച്ചു നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം

(2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട് . പ്രൊഫോർമ റിപ്പോർട്ട് , മഹസ്സർ , അപ്ലിക്കേഷൻ ഫോം , സ്കെച്ച് , ബിടിആർ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാറിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് , Central University of Kerala - ക്ക് തിരുവനന്തപുരത്തു ക്യാമ്പസ് (Capital Centre of the Central University of Kerala at Thiruvananthapuram district) നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം വില്ലേജിൽ ബ്ലോക്ക് 8, റീ സ 94 ൽപ്പെട്ട 2.83 ഹെക്ടർ ഭൂമി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആർ ഒന്നിന് ഒരു രൂപ പാട്ട നിരക്കിൽ 35 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>വ്യവസ്ഥകൾ:</u>

i)ഭൂമി കൈമാറി ലഭിച്ച് ആറ് മാസങ്ങൾക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

ii)ഭൂമി അന്യാധീനപ്പെടുത്താവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല.

iii)ഭൂമി എല്ലാവിധ കൈയേറ്റങ്ങളിൽ നിന്നും സർവകലാശാല തന്നെ സംരക്ഷിക്കേണ്ടതാണ്.

iv)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ

v). വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

vi) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചാലോ അല്ലെങ്കിൽ സ്ഥാപനം പ്രവർത്തനരഹിതമായാലോ, ഭൂമി ചമയങ്ങളടക്കം റവന്യ വകുപ്പിൽ പുനഃനിക്ഷിപ്തമാക്കുന്നതാണ്.

4)ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ., തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

വൈസ് ചാൻസലർ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള , തേജസ്വിനി

ഹിൽസ്, പെരിയ പി.ഒ, കാസർഗോഡ്.

ധനകാര്യവകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് - (ഇനം നമ്പർ 4002)

ഉന്നത വിദ്യാഭ്യാസ വകുപ്പ് (E2/169/2023)

പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്